ഉത്തരം

(എ) കായൽകൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള 15 പദ്ധതികളുടെ ലിസ്റ്റ് മേശപ്പുറത്ത് വെച്ചിട്ടുണ്ട്.*

(ബി) വെള്ളായണിക്കായൽ റിക്ലമേഷൻ പദ്ധതി, പെരിങ്ങാലം കായൽ റിക്ലമേഷൻ പദ്ധതി, പഴയ എക്കൽപുരം റിക്ലമേഷൻ പദ്ധതി എന്നീ മൂന്നു പദ്ധതികളുടെയും എസ്റ്റിമേറ്റ് സാംഗ്ഷൻ ചെയ്തിട്ടുള്ളതുകൊണ്ട് ഈ സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വെള്ളായണിക്കായൽ റിക്ലമേഷൻ സ്കീമിന്റെ 11,06,000 രൂപയുടെ എസ്റ്റിമേറ്റ് സാംഗ്ഷൻ ചെയ്തിട്ടുണ്ട്. അതിന്റെ ടെക്നിക്കൽ സാംഗ്ഷൻ കൊടുക്കുന്നതിനുവേണ്ടി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ടെക്നിക്കൽ സാംഗ്ഷൻ കൊടുത്താൽ പണി ഉടൻ തുടങ്ങും.

പിന്നോക്കസമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

25 [95] ശ്രീ. ജെ. കമാലിയാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കസമുദായങ്ങൾക്ക് ഇപ്പോൾ ഗവൺമെന്റ് സർവ്വീസിൽ നൽകിവരുന്ന സംവരണത്തെയും മറ്റു ആനുകൂല്യങ്ങളേയുംപറ്റി അന്വേഷണം നടത്തുന്നതിന് ഒരു കമ്മിഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

പോലീസിന്റെ ബലപ്രയോഗം

26 [96] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്ത നവംബർ 1 മുതൽ ഇന്നുവരെ എത്ര സ്ഥലത്ത് പോലീസ് ബലപ്രയോഗം നടത്തിയിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി ആകെ മരണമടഞ്ഞവരുടെ എണ്ണം എത്ര;

(സി) ഇവർ ആരെല്ലാമാണ്; ഏതെല്ലാം സംഭവങ്ങളിലാണ് കൊല്ലപ്പെട്ടത്;

(ഡി) ഒട്ടാകെ പരിക്കുകൾ പറ്റിയവരുടെ എണ്ണം എത്ര?

ഉത്തരം

(എ) ഏഴ് (7) സ്ഥലങ്ങളിൽ. (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, വൈക്കം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ).

(ബി) നാല് (4) പേർ. (പാലക്കാട്).

---

* Appendix II.

LIBRARY ARCHIVES Kerala Legislative Assembly

(സി)

1. വേലപ്പൻ മാണിക്യം,
2. ഗോപാലകൃഷ്ണൻ സുകുമാരൻ,
3. കുഞ്ഞുകുട്ടൻ ചെല്ലൻ,
4. അയ്യാവു രാജൻ, എന്നീ നാല് (4) പേരാണ്.

(ഡി) 224 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

UNSTARRED QUESTIONS AND ANSWERS POSTED FOR ANSWER ON 15-1-1970

അഴിമതിയാരോപണങ്ങൾ

27 [73] ശ്രീ. വി. എസ്. അച്ചുതാനന്ദൻ:
,, വി. ശ്രീധരൻ:
,, പാലൊളി മുഹമ്മദുകുട്ടി:
,, പി. കെ. കുഞ്ഞച്ചൻ:
,, സി. കെ. ബാലകൃഷ്ണൻ:
,, എം. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്രികൾച്ചറൽ ഡയറക്ടറായിരുന്ന ഡാ. എം. എസ്. നായരുടെ പേരിലുള്ള ഗുരുതരമായ അഴിമതിയാരോപണങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ കമ്പനികൾക്ക് ഓർഡേഴ്സ് കൊടുക്കുന്നതിലും മറ്റും വമ്പിച്ച അഴിമതിക്കും, കൈക്കൂലിക്കും വിധേയനായിരുന്നു എന്നുള്ള ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥന്റെ നടപടികളെക്കുറിച്ച് ഒരന്വേഷണം നടത്തണമെന്നുള്ള ആവശ്യം ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly